**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

04.06.2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.297

## നിലമ്പൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി

| | ചോദ്യം<br>ശ്രീ.പി.വി. അൻവർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന നിലമ്പൂർ നിയോജകമണ്ഡലത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന സ്ഥാപനങ്ങളെ തെരെഞ്ഞെടുക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. |
| (ബി) | ഇപ്രകാരം ഉയർത്തുന്ന ഏതെല്ലാം കുടുംബാരോഗ്യകേന്ദ്രങ്ങളിലാണ് വൈകുന്നേരംവരെ ഒ.പി പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ; | (ബി) | ഈ വർഷത്തേയ്ക്കുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കിയ ശേഷം ഗ്യാപ്പ് അനാലിസിസിന്റെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മുഴുവൻ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും വൈകുന്നേരം വരെ ഒ.പി പ്രവർത്തിക്കുന്നുണ്ട്. |
| (സി) | ഈ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മൂന്ന് ഡോക്ടർമാരുടേയും ആവശ്യമായ ജീവനക്കാരുടേയും സേവനം ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ടോ; വിശദമാക്കാമോ? | (സി) | 2018-19 സാമ്പത്തിക വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന സ്ഥാപനങ്ങളുടെ അന്തിമ പട്ടികയിൽ തീരുമാനമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ